കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തലശ്ശേരി നഗരസഭ - ശ്രീ. അശോകൻ എം. എന്ന ആൾക്ക് പഠനമുറി നിർമ്മിക്കാൻ പ്രത്യേക അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം.670/2018/തസ്വഭവ — തിരുവനന്തപുരം, തീയതി, 13.03.2018

വായന :- 1. തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയറുടെ 31.01.2018-ലെ DB3/753/2012/തസ്വഭവ കത്തും തലശ്ശേരി നഗരസഭയിൽ താമസിക്കുന്ന ശ്രീ. അശോകൻ എം. (അനന്യ നിവാസ്) ന്റെ 08.11.2017-ലെ കത്തും

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.02.2018-ലെ തീരുമാനം നം. 4.64

## ഉത്തരവ്

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് ധനസഹായം ലഭിക്കുന്നതിന് ശ്രീഅശോകൻ എം. (അനന്യ നിവാസ്), മൂഴിക്കര എന്ന ആൾ നിലവിലെ വീടിന്റെ പ്ലാൻ സഹിതം അപേക്ഷ നൽകിയെന്നും ഇതിന്റെ അടിസ്ഥാനത്തിൽ 50,000/- രൂപ നഗരസഭയിൽ നിന്ന് അഡ്വാൻസ് നൽകിയെന്നും മാർഗ്ഗരേഖപ്രകാരം 800 ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള വീടുകളിൽ പഠന മുറി നിർമ്മിക്കാനാണ് അനുമതിയെന്നും എന്നാൽ ടിയാന്റെ വീടിന്റെ തറ വിസ്തീർണ്ണം 964 ചതുരശ്ര അടിയാണെന്നും ആയതിനാൽ തുക തിരികെ അടയ്ക്കാൻ ആവശ്യപ്പെട്ടിരിക്കുന്നുവെന്നും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വ്യക്തി എന്ന നിലയിൽ വിനിയോഗിച്ചിട്ടുള്ള തുക തിരിച്ചടക്കുന്നതിനുള്ള സാഹചര്യം ഇല്ലാത്തതിനാൽ ശ്രീ.അശോകൻ എം. എന്നയാളുടെ അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കണമെന്നും മുകളിൽ ഒന്നാമതായി വായിച്ച കത്ത് പ്രകാരം തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിരുന്നു.

2) 06.02.18 ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി യോഗം ഇക്കാര്യം പരിശോധിച്ചു. ടി യോഗത്തിന്റെ 4.64 നമ്പർ തീരുമാനപ്രകാരം പ്ലാൻ പ്രകാരമുള്ള ഭവനത്തിനോട് ചേർന്ന് പഠനമുറി നിർമ്മിക്കാൻ ശ്രീ.അശോകൻ എം., അനന്യ നിവാസ്, മൂഴിക്കര എന്ന ആൾക്ക് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

എൻ.വിശ്രുതൻ ആചാരി

ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ കളക്ടർ, കണ്ണൂർ

ചെയർമാൻ, തലശ്ശേരി നഗരസഭ, കണ്ണൂർ

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം

ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്:-തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി (അർബൻ/റൂറൽ) യുടെ പി.എയ്ക്ക്

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ